Mangalam
20 November 2015

■ മലബാർ സിമെന്റ്സ്

# ചുണ്ണാമ്പുകല്ല് വാങ്ങിയത് സി.ബി.ഐ അന്വേഷണം നേരിടുന്ന സ്ഥാപനത്തിൽനിന്ന്

■ എൻ. രമേഷ്

പാലക്കാട്

മലബാർ സിമെന്റ്സിലേക്ക് ആവശ്യമായ ചുണ്ണാമ്പുകല്ല് വാങ്ങിയത് സി.ബി.ഐ. അന്വേഷണം നേരിടുന്ന സ്ഥാപനത്തിൽ നിന്ന്. ചുണ്ണാമ്പുകല്ല് ഖനി ഉടമകളല്ലാത്ത കമ്പനിയെ ഇടനിലക്കാരാക്കി യു.എ.ഇയിൽ നിന്നാണ് മലബാർ സിമെന്റ്സ് ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്തത്. മലബാർ സിമെന്റ്സിന് നേരത്തെ കൽക്കരി നൽകിയതു സംബന്ധിച്ച അഴിമതിക്കേസിൽ ഉൾപ്പെട്ട കമ്പനിയുടെ സഹോദര സ്ഥാപനമാണിത്. തമിഴ്നാട്ടിലെ വിവിധ കമ്പനികൾക്ക് കൽക്കരിയും ചുണ്ണാമ്പുകല്ലും വിതരണം ചെയ്യുമ്പോൾ അളവിലും തൂക്കത്തിലും കൃത്രിമം കാണിച്ചതിന്റെ പേരിലാണ് ഈ സ്ഥാപനത്തിനെതിരെ സി.ബി.ഐ. അന്വേഷണം നടക്കുന്നത്. ഈ അന്വേഷണവുമായി ബന്ധപ്പെട്ട് മലബാർ സിമെന്റ്സിൽ നിന്നും സി.ബി.ഐ. തെളിവെടുപ്പ് നടത്തിയതായാണ് വിവരം.

നേരത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം തമിഴ്നാട്ടിൽ മലബാർ സിമെന്റ്സ് ചുണ്ണാമ്പു കല്ല് ഖനി പത്തുവർഷത്തേക്ക് പാട്ടത്തിന് എടുത്തിരുന്നു. പാട്ടത്തിനെടുത്ത ഖനിയിൽ 2006 മാർച്ച് മുതൽ ഖനനം ആരംഭിച്ചു. ഏതാനും മാസത്തെ പ്രവർത്തനത്തിനുശേഷം കരാർ കമ്പനി റദ്ദാക്കി. ഇതേത്തുടർന്നുള്ള കേസുകൾ വിവിധ കോടതികളിൽ നടക്കുന്നുണ്ട്. 2011-12 ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലി(സി.എ.ജി)ന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ചുണ്ണാമ്പുകല്ല് പാട്ടക്കരാർ റദ്ദാക്കിയതു സംബന്ധിച്ച് വിശദമായി പറയുന്നു.

പാട്ടത്തിനെടുത്ത ഭൂമിയിൽ ഖനനം നടത്താൻ കമ്പനി നിശ്ചയിച്ച സ്വകാര്യ കരാറുകാരൻ കരാറിൽ വീഴ്ച വരുത്തിയിരുന്നു. പകരം സംവിധാനം ഏർപ്പെടുത്തുന്നതിൽ കമ്പനി പരാജയപ്പെട്ടതായാണ് സി.എ.ജി. പറയുന്നത്. ദീർഘകാല പാട്ടക്കരാർ റദ്ദാക്കിയതിലെ വീഴ്ചകൾ സംബന്ധിച്ച് ആഭ്യന്തര/കമ്പനിതല അന്വേഷണം നടത്താൻ സി.എ.ജി. നിർദേശിച്ചിരുന്നെങ്കിലും അതിന് കമ്പനി മാനേജ്മെന്റ് തയ്യാറായില്ല.

പിന്നീട് തമിഴ്നാട്ടിൽ ചുണ്ണാമ്പു കല്ല് ഖനി പാട്ടത്തിനെടുക്കാൻ കമ്പനി ശ്രമിച്ചെങ്കിലും നടന്നില്ല. ഇതേതുടർന്നാണ് ചുണ്ണാമ്പുകല്ലിനായി രാജസ്ഥാൻ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നത്. 2011 മുതൽ 15 വരെ പലപ്പോഴായി ഇടനിലക്കാർ വഴി വിദേശത്തുനിന്നാണ് ചുണ്ണാമ്പുകല്ല് ഇറക്കുമതി ചെയ്തത്. ഇറക്കുമതി ചെയ്യുന്ന ചുണ്ണാമ്പു കല്ലിന് ഉയർന്ന വിലയാണ് നൽകുന്നത്.

തമിഴ്നാട്ടിലെ ഒരു സ്ഥാപനത്തിൽ നിന്നും പ്രതിമാസം 10,000 ടൺ ചുണ്ണാമ്പു കല്ല് കമ്പനി വാങ്ങിയിരുന്നു. ഇത് ഖനിയിൽ നിന്നും കമ്പനിയിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടിങ് കരാറുകാരൻ വീഴ്ചവരുത്തിയതുമൂലം ഉയർന്ന നിരക്കിൽ വേറെ കരാർ നൽകാൻ കമ്പനി നിർബന്ധിതമായി. ഇതുവഴി കമ്പനിക്കുണ്ടായ നഷ്ടം കരാറുകാരിൽ നിന്നും പിരിച്ചെടുത്തിട്ടില്ല. ഈ നഷ്ടം സംബന്ധിച്ച കണക്കുകൾ സി.എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്.